വിവിധയിനം പൈപ്പുകൾ ബഡ്ജറ്റിനനുസൃതമായി വാങ്ങാൻ നടപടിയെടുത്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി) ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ശുദ്ധജലവിതരണ പദ്ധതികളിൽ ഐ.എസ്.ഐ. മുദ്രയുള്ള പൈപ്പുകളാണ് ഉപയോഗിക്കുന്നത്. എങ്കിലും ചില കമ്പനികൾ തന്ന പൈപ്പുകളിൽ ചിലത് ഗുണമേന്മയില്ല എന്ന് കാണുന്നുണ്ട്. ആയവ കമ്പനികളുടെ ചെലവിൽ മാറ്റാനും മാറ്റിയിടാനും നടപടിയെടുത്തിട്ടുണ്ട്.

(ഡി) സ്ഥലത്തിന്റെ ലഭ്യതയും പദ്ധതികളുടെ പുരോഗതിയും ബഡ്ജറ്റ് പ്രൊവിഷനും അനുസരിച്ച് പൈപ്പുകൾ വാങ്ങി ഉപയോഗിക്കുക എന്നതാണ് അതോറിറ്റിയുടെ നയം. പൈപ്പുകൾ വാങ്ങുന്നതിന് കാലതാമസം ഉള്ളതിനാൽ റേറ്റ് കോൺട്രാക്ട് പ്രകാരം പൈപ്പുകൾ വാങ്ങുന്ന രീതി നടപ്പിലാക്കാമോ എന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു. നിലവിലുള്ള നിയമമനുസരിച്ച് ഒരു കോടി രൂപയിൽ കൂടുതൽ ഉള്ള പൈപ്പുകൾ വാങ്ങുന്നതിന് മുൻകൂർ അനുവാദം നൽകേണ്ടത് ആവശ്യമാണ്. ഇതു കാലതാമസമുണ്ടാക്കുന്നു. ഇതൊഴിവാക്കാൻ പരിധി 5 കോടി രൂപയായി ഉയർത്തുന്ന കാര്യവും സർക്കാർ പരിശോധിച്ചു വരുന്നു.

**(1841) സംസ്ഥാനത്തെ ജലശേഖരം**

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും ഖനിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈവർഷം കാലവർഷത്തിന്റെ അവസാനം ഏകദേശം എത്ര ക്യൂബിക് മീറ്റർ വെള്ളം ശേഖരിക്കാൻ സാധിച്ചു;

(ബി) കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് ഈവർഷം കൂടുതൽ വെള്ളം ശേഖരം ഉണ്ടായിട്ടുണ്ടോ;

(സി) കേരളത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് മഴ അവസാനിച്ച് ഒന്നോ രണ്ടോ മാസത്തിനകം ശുദ്ധജലം അടക്കം ജലത്തിന് ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളുടെ വിസ്തീർണ്ണം ഏകദേശം എത്രയാണ്;

(ഡി) സംസ്ഥാനത്ത് ഒരുവർഷം ജലസേചനപദ്ധതികൾ വഴി എത്ര ഏക്കർ സ്ഥലം കൃഷിചെയ്യാൻ സാധിക്കുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ഇ) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എത്ര ഏക്കർ സ്ഥലത്ത് പുതിയ ജലസേചനപദ്ധതികൾ വഴി ജലസേചനം ഏർപ്പെടുത്താൻ സാധിച്ചു;

(എഫ്) സംസ്ഥാനത്തെ നദീജലത്തിന്റെ എത്ര ശതമാനം ജലസേചനം വഴി കൃഷിക്ക് ഉപയുക്തമാക്കാം എന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) 1565.03 മില്യൺ ക്യൂബിക് മീറ്റർ വെള്ളം ശേഖരിക്കാൻ കഴിഞ്ഞു.

(ബി) ഉണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കൃത്യമായ കണക്കുകൾ ജലസേചനവകുപ്പിൽ ലഭ്യമല്ല.

(ഡി) ഉണ്ട്. 5,65,920 ഏക്കർ സ്ഥലം കൃഷിചെയ്യാൻ സാധിച്ചിട്ടുണ്ട്.

(ഇ) 5,24,676 ഏക്കർ സ്ഥലത്ത് ജലസേചനം ഏർപ്പെടുത്താൻ സാധിച്ചു.

(എഫ്) സംസ്ഥാനത്ത് 'വാട്ടർ റിസോഴ്സസ് ഓഫ് കേരള 1974' പ്രകാരം 2484 ടി.എം.സി. നദീജലത്തിൽ നിന്നും ഉപയോഗിക്കാവുന്ന ജല ത്തിന്റെ അളവ് 1510 ടി.എം.സി. എന്നും അതിൽ 1020 ടി.എം.സി. ജലം ജല സേചനത്തിന് ആവശ്യമായിവരുമെന്നും തിട്ടപ്പെടുത്തിയിട്ടുണ്ട്. അതായത്, ലഭ്യമായ നദീജലത്തിന്റെ 67% ജലം ജലസേചനത്തിന് ഉപയോഗിക്കുന്നു.

## (1842) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേച നവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽപ്പെട്ട നെടുമല ലിഫ്റ്റ് ഇറിഗേ ഷൻ, കണ്ടാറ്റുകുന്ന് ലിഫ്റ്റ് ഇറിഗേഷൻ എന്നിവയുടെ പ്രവർത്തനപുരോഗതി വ്യക്തമാക്കുമോ;

(ബി) നെടുമല ലിഫ്റ്റ് ഇറിഗേഷൻ എന്ന് പ്രവർത്തിച്ചുതുടങ്ങും എന്ന് വെളിപ്പെടുത്തുമോ;

(സി) കണ്ടാറ്റുകുന്ന് ലിഫ്റ്റ് ഇറിഗേഷനുവേണ്ട ജലം ലഭ്യമാക്കുന്ന തിന് പി.വി.ഐ.പി. മെയിൻ കനാലിൽ നിന്നുള്ള, സ്ലൂയിസ് നിർമ്മാണം എന്ന് തുടങ്ങുമെന്ന് അറിയിക്കുമോ;

(ഡി) കാരുകുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ രണ്ടാമത്തെ മോട്ടോറും പമ്പും എന്നത്തേക്ക് പ്രവർത്തിച്ചുതുടങ്ങും എന്ന് വ്യക്തമാ ക്കുമോ?

### ഉത്തരം

(എ) കുന്നത്തുനാട് മണ്ഡലത്തിൽപ്പെട്ട നെടുമല ലിഫ്റ്റ് ഇറിഗേ ഷൻ പദ്ധതി സ്പെഷ്യൽ കംപോണന്റ് പ്രോഗ്രാമിൽപ്പെടുത്തി സിവിൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ പണികൾക്ക് ഈ പ്രോജക്ടിന്റെ പുതു ക്കിയ എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതിക്കായി എറണാകുളം ജില്ലാ കളക്ടർക്ക് 08.01.99-ൽ അയച്ചുകൊടുത്തിട്ടുണ്ട്.

കണ്ടാറ്റുകുന്ന് ലിഫ്റ്റ് ഇറിഗേഷന്റെ ഇംപ്രൂവ്മെന്റ് പണികൾക്ക് ടെൻഡർ വിളിക്കുകയും 10.12.99-ൽ സെലക്ഷൻ നോട്ടീസ് കോൺട്രാക്ടർക്ക് കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ജില്ലാ കളക്ടറിൽ നിന്നും പുതുക്കിയ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പണി പൂർത്തിയാക്കി പ്രവർത്തിച്ചുതുടങ്ങുന്നതാണ്.

(സി) ഈ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കാവശ്യമായ വെള്ളം ലഭ്യമാ ക്കുന്നതിനുള്ള പണികൾക്ക് സെലക്ഷൻ നോട്ടീസ് 10.12.99-ൽ കോൺട്രാ ക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. എഗ്രിമെന്റ് വച്ചാലുടൻ പണികൾ ആരംഭി ക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly